**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1468** **07-02-2023 - ൽ മറുപടിയ്ക്ക്**

**വർഷങ്ങളായി പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വർഷങ്ങളായി പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി മുൻ സർക്കാരിന്റെ കാലത്ത് തൊഴിൽ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ പൂട്ടിയ തോട്ടങ്ങളിലെ മാനേജ്മെന്റുകളെ ഉൾപ്പെടുത്തി ചർച്ച നടത്തുകയും തോട്ടം തുറക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സമർപ്പിക്കുകയുമുണ്ടായി. പ്രസ്തുത പ്രൊപ്പോസൽ വ്യവസായ വകുപ്പിന്റെ സജീവ പരിഗണനയിലാണ്. ചർച്ചകളിലൂടെ തുറക്കുവാൻ സാധിക്കാത്ത തോട്ടങ്ങൾ 1953-ലെ ടി ആക്ടിലെ വ്യവസ്ഥകൾ പ്രകാരം തുറന്നു പ്രവർത്തിപ്പിക്കുന്നതും, പൂട്ടിയ തോട്ടങ്ങൾ തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ രൂപീകരിച്ച് ഏറ്റെടുത്ത് നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതും പ്ലാന്റേഷൻ പോളിസിയിൽ ഉൾപ്പെടുത്തിയ വിഷയമാണ്. |
| (ബി) | വർഷങ്ങളായി കെട്ടിക്കിടക്കുന്ന തൊഴിൽ തർക്ക ഫയലുകൾ തീർപ്പാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | കോവിഡ് മഹാമാരിയുടെ കാലത്തുൾപ്പെടെ സമയബന്ധിതമായി തുടർനടപടികൾ പൂർത്തിയാക്കാൻ കഴിയാതെ പെൻഡിംഗ് ആയിട്ടുള്ള ഫയലുകൾ തീർപ്പാക്കുന്നതിന് ഫയൽ അദാലത്തുകൾ സംഘടിപ്പിക്കുകയും അനുരഞ്ജന ചർച്ചകളിലൂടെയും പ്രശ്നപരിഹാരം നടത്തി വരുന്നു. അവധി ദിനങ്ങൾ പ്രവൃത്തി ദിനമാക്കിയും പ്രവൃത്തി ദിവസങ്ങളിൽ അധികസമയം ജോലി ചെയ്തും ഫയൽ തീർപ്പാക്കൽ യജ്ഞം പോലുള്ള പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്തും തൊഴിൽ തർക്ക നിയമപ്രകാരം ചർച്ചകൾ നടത്തി വിഷയം ഒത്തുതീർപ്പിലെത്തിക്കുകയാണ്. പരിഹാരം കണ്ടെത്താൻ കഴിയാത്ത വിഷയങ്ങൾ ലേബർ കോടതി/ഇൻഡസ്ട്രിയൽ ട്രൈബ്യൂണലുകളുടെ ഇടപെടലിനായി നൽകി വരുന്നുണ്ട്. |
| (സി) | തോട്ടം തൊഴിലാളികളുടെ ശമ്പളം | (സി) | സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ കുറഞ്ഞ |

| | | | |
|---|---|---|---|
| | വർദ്ധിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | | കൂലി 2019 ജനുവരി 1 മുതൽ പ്രാബല്യത്തിൽ വരുത്തി പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവായിരുന്നു. മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നത് മൂന്നു വർഷം കൂടുമ്പോഴായതിനാൽ തോട്ടം തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവിന്റെ കാലാവധി 31/12/2021 ന് അവസാനിച്ചിരിക്കുകയാണ്. തൊഴിലാളി-തൊഴിലുടമ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ 19/8/2022 ന് ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ കൂടിയ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ തൊഴിലാളികളുടെ മിനിമം വേതനം സംബന്ധിച്ച് മാനേജ്മെന്റിന്റെ ഭാഗത്തു നിന്ന് സമർപ്പിച്ചിരുന്ന ഡിമാന്റുകളും ട്രേഡ് യൂണിയന്റെ ഭാഗത്തു നിന്നുള്ള ഡിമാന്റുകളും ഇരുവിഭാഗങ്ങൾക്കും സർക്കുലേറ്റ് ചെയ്തിരുന്നു.<br><br>തുടർന്ന് 27/1/2023 ൽ കൂടിയ യോഗത്തിൽ 01/4/2023 മുതൽ കഴിഞ്ഞ മിനിമം വേജസ് നോട്ടിഫിക്കേഷൻ മുഖേനയുള്ള അടിസ്ഥാന വേതനത്തോടൊപ്പം 20/- രൂപ കൂടി വർദ്ധിപ്പിക്കാമെന്ന് മാനേജ്മെന്റ് വ്യക്തമാക്കിയെങ്കിലും 2016-ലെ മിനിമം വേതനത്തിനോടൊപ്പം 52/- രൂപ വർദ്ധനവുണ്ടായാണ് 2021 ൽ മിനിമം വേജസ് നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചതെന്നും, അതിനാൽ 20/- രൂപ വർദ്ധനവ് എന്ന മാനേജ്മെന്റിന്റെ നിലപാട് അംഗീകരിക്കാൻ കഴിയില്ല എന്നും വ്യക്തമാക്കിക്കൊണ്ട് തൊഴിലാളി പ്രതിനിധികൾ വിയോജിപ്പ് രേഖപ്പെടുത്തുകയുണ്ടായി. പ്രസ്തുത സാഹചര്യത്തിൽ അനുഭാവപൂർവ്വമായ തീരുമാനം കൈക്കൊള്ളുന്നതിലേയ്ക്കായി 04/3/2023 ന് തൊഴിൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗം കൂടുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | തോട്ടം തൊഴിലാളികളുടെ ലയങ്ങൾ പുതുക്കി പണിയുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുവാൻ നടപടികൾ സ്വീകരിക്കാമോയെന്ന് വിശദീകരിക്കുമോ? | (ഡി) | തോട്ടം തൊഴിലാളികളുടെ താമസ സൗകര്യങ്ങൾ ഒരുക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 80 ലക്ഷം രൂപ പ്ലാന്റേഷൻ മേഖലയിലെ ലയം/ പാഡി എന്നീ വാസസ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി വിനിയോഗിക്കാമെന്നും, 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ, ഇനം നം. 353-ൽ പ്ലാന്റേഷൻ മേഖലയിലെ ലയം/പാഡികൾ എന്നീ വാസസ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് 10 കോടി രൂപ വകയിരുത്തുന്നതായി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ, പ്രസ്തുത പ്രവൃത്തികൾക്കായി വിശദമായ എസ്റ്റിമേറ്റ് |

| | | | |
|---|---|---|---|
| | | | സഹിതം ഭരണാനുമതിയ്ക്കുള്ള പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ലേബർ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ